**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2803** **28-02-2023 - ൽ മറുപടിയ്ക്ക്**

**വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനായി നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് നിയോജക മണ്ഡലത്തിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ പത്തുകുളങ്ങരയിൽ ജലജീവൻ മിഷന്റെ പ്രവൃത്തികളുടെ ഭാഗമായി ഇരുപത് ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനായി വനം വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വെള്ളിക്കുളങ്ങര വില്ലേജ് സർവ്വേ നമ്പർ 2253/3 ലുള്ള മുരിക്കിങ്ങൽ ദേശത്ത് മുഹമ്മദ് വട്ടത്തൊടി എന്ന വ്യക്തിയുടെ സ്ഥലം കൃഷി, വീട്, കട എന്നീ ആവശ്യങ്ങൾക്കായാണ് പട്ടയം നൽകിയിട്ടുള്ളത് എന്ന കാരണം പറഞ്ഞ് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനായി വനം വകുപ്പ് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകാതിരിക്കുന്ന പ്രശ്നത്തിൽ ഇടപെടുന്നതിനും പതിമൂവായിരം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതിയ്ക്ക് പ്രസ്തുത പട്ടയ ഭൂമി ഉപയോഗപ്പെടുത്താൻ എൻ.ഒ.സി. നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ മുരിക്കിങ്ങലിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് മറ്റത്തൂർ ഗ്രാമപഞ്ചായത്ത് അധികൃതർ വിലയ്ക്ക് വാങ്ങിയിട്ടുള്ള 25 സെന്റ് സ്ഥലം The Kerala Land Assignment ( Regularization of occupations of forest lands prior to 01/01/1977) special Rules 1993 ലെ റൂൾ 9(3) പ്രകാരം പതിച്ചു നൽകിയ വനഭൂമിയാണ്. കൃഷി, വീട്, കട എന്നീ ആവശ്യങ്ങൾക്കാണ് വനഭൂമി പതിച്ചു നൽകിയത്. 1980 ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം വനം വനേതര ആവശ്യങ്ങൾക്ക് അനുവദിച്ചു നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ടി പദ്ധതിമൂലം പതിമൂവായിരം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാകുമെന്നതിനാൽ ആയതിനുവേണ്ട വാട്ടർടാങ്ക് നിർമ്മിക്കുന്നതിനുള്ള അനുമതിയ്ക്കായുള്ള അപേക്ഷ പരിവേഷ് വെബ് പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് മറ്റത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 22/02/2023 ന് ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ